## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നം. 1401**

**02.03.2017-ൽ മറുപടിയ്ക്ക്**

## ഭവന നിർമ്മാണ ബോർഡ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭവന നിർമ്മാണ ബോർഡിന്റെ ഏതെല്ലാം ഓഫീസുകളാണ് നിർത്തൽ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളത് ; | (എ) ഭവന നിർമ്മാണ ബോർഡിന്റെ അനുദിനം വഷളായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി ലഘൂകരിക്കുന്നതിനായി ഓരോ ബ്രാഞ്ചിന്റെയും പ്രവർത്തനവും പ്രായോഗികതയും വിലയിരുത്തി കൊല്ലം ജില്ലയിൽ പത്തനാപുരം, കരുനാഗപ്പള്ളി, തൃശ്ശൂർ ജില്ലയിൽ ഇരിങ്ങാലക്കട, കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി, പാല എന്നീ ബ്രാഞ്ച് ഓഫീസുകളുടെയും, ഇടുക്കി ജില്ലയിൽ തൊടുപുഴ ജില്ലാ ഓഫീസിന്റെയും പ്രവർത്തനം അതത് ഡിവിഷൻ ഓഫീസുകളിൽ ലയിപ്പിക്കുകയും എറണാകുളം ജില്ലയിൽ പെരുമ്പാവൂർ ബ്രാഞ്ച് ഓഫീസ് കോതമംഗലം ബ്രാഞ്ച് ഓഫീസിലും, തൃശ്ശൂർ പി. ആന്റ് സി. ഡിവിഷൻ ഓഫീസ് തൃശ്ശൂർ ഡിവിഷൻ ഓഫീസിലും ലയിപ്പിച്ചിട്ടുണ്ട്. |
| (ബി) നിലവിൽ ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (ബി) നിലവിൽ ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) കരുനാഗപ്പള്ളി ഭവന നിർമ്മാണ ബോർഡ് ഓഫീസ് നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. ഭവന നിർമ്മാണ ബോർഡിന്റെ കരുനാഗപ്പള്ളി ഓഫീസ് നിർത്തലാക്കി കൊല്ലം ഡിവിഷൻ ഓഫീസിൽ ലയിപ്പിച്ചിട്ടുണ്ട്. |
| (ഡി) കരുനാഗപ്പള്ളി ഓഫീസുവഴി ഇടപാടു നടത്തുന്ന ഗുണഭോക്താക്കൾ ഏത് ഓഫീസ് മുഖേനയാണ് ഇടപാട് തുടരേണ്ടതെന്ന് വ്യക്തമാക്കുമോ; | (ഡി) കരുനാഗപ്പള്ളി ഓഫീസുവഴി ഇടപാടു നടത്തുന്ന ഗുണഭോക്താക്കൾ കൊല്ലം ഡിവിഷൻ ഓഫീസ് മുഖേനയാണ് ഇടപാട് തുടരേണ്ടത്. |
| (ഇ) കരുനാഗപ്പള്ളി ഹൗസിംഗ് ബോർഡ് ഓഫീസ് തുടർന്നും അവിടെ പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ: വിശദീകരിക്കുമോ? | (ഇ) വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവന്നിരുന്ന കരുനാഗപ്പള്ളി ഓഫീസിലെ വായ്പക്കാരുടെ എണ്ണം വളരെ കുറവും (50 എണ്ണം) ജീവനക്കാർ നാമമാത്രവുമായിരുന്നു. ഭവന നിർമ്മാണ ബോർഡിന്റെ അനുദിനം വഷളായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി ലഘൂകരിക്കുന്നതിനായി ഓരോ ബ്രാഞ്ചിന്റെയും പ്രവർത്തനവും പ്രായോഗികതയും വിലയിരുത്തിയാണ് കരുനാഗപ്പള്ളി ഓഫീസിനെ കൊല്ലം ഡിവിഷൻ ഓഫീസിൽ ലയിപ്പിച്ചിട്ടുള്ളത്. ആയതിനാൽ വാടക, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നീ ഇനങ്ങളിൽ നല്ലൊരു തുക ചെലവാക്കി ടി ഓഫീസ് തുടർന്നു പ്രവർത്തിപ്പിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

1. <u>സാഫല്യം ഭവന പദ്ധതി :</u> സമൂഹത്തിലെ ഭൂ-ഭവന രഹിതരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് 2 ലക്ഷം രൂപ/വീട് നിരക്കിൽ സർക്കാർ സബ്സിഡി നൽകിയും സന്നദ്ധ സംഘടന/പഞ്ചായത്തിന്റെ സഹകരണത്തോടെയും ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി.
2. <u>ഗൃഹശ്രീ ഭവന പദ്ധതി:</u> സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം (EWS)/താഴ്ന്ന വരുമാന വിഭാഗ (LIG)-ത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ/കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി രണ്ട് ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി.
3. <u>ഇന്നൊവേറ്റീവ് ഭവന പദ്ധതി:</u> നഗര പ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിനു പുറത്ത് ജോലിസ്ഥലങ്ങളിൽ നിന്നും വളരെ ദൂരത്തായി താമസിക്കുവാൻ നിർബന്ധിതരാകുകയും ചെയ്യുന്ന പാവപ്പെട്ട, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്ന പദ്ധതിയാണ് ഇന്നൊവേറ്റീവ് ഭവന പദ്ധതി. വിവിധ പദ്ധതികളിലായി 212 ഫ്ലാറ്റുകൾ നിർമ്മിച്ചു കഴിഞ്ഞു. കൂടാതെ തിരുവനന്തപുരത്ത് പൂജപ്പുരയിൽ phase IV ആയി 24 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്.
4. <u>സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി:</u> സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് ആയി അലോട്ട്ചെയ്യുന്നതിനായി റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. പദ്ധതിയിലൂടെ കാസർഗോഡ് 36 ഫ്ലാറ്റുകളും ദേവികുളത്ത് 12 ഫ്ലാറ്റുകളും തൃശ്ശൂർ കുട്ടനല്ലൂരിൽ 6 ഫ്ലാറ്റുകളും (ആകെ 54 ഫ്ലാറ്റുകൾ) നിർമ്മിച്ചിട്ടുണ്ട്.
5. <u>പാരസ്പര്യം മാതൃകയിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് നിർമ്മാണ പദ്ധതി:</u> ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഉപഭോക്താക്കളിൽ നിന്നും വിൽപ്പന വില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സമാഹരിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണിത്. തിരുവനന്തപുരത്ത് കവടിയാറിൽ 36 ഫ്ലാറ്റുകളടങ്ങുന്ന കെട്ടിട സമുച്ചയം പാരസ്പര്യം മാതൃകയിൽ നിർമ്മിച്ച് ഉപഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. തിരുവനന്തപുരത്ത് അമ്പല നഗറിലും (60 ഫ്ലാറ്റുകൾ), എറണാകുളത്ത് പനമ്പിള്ളി നഗറിലും (29 ഫ്ലാറ്റുകൾ), കുമാരനാശാൻ നഗറിലും (33 ഫ്ലാറ്റുകൾ), കോഴിക്കോട് മെഡിക്കൽ കോളേജ് ഭവന പദ്ധതിയിലും (72 ഫ്ലാറ്റുകൾ) പാരസ്പര്യം മാതൃകയിൽ ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ

എറണാകുളത്ത് തൃക്കാക്കര കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി, എറണാകുളത്ത് ഇരുമ്പനം കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി, ചങ്ങനാശ്ശേരി (സൈറ്റ് II) റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് പദ്ധതി, കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപം ഗ്രീൻ സൈ്ക വില്ലകൾ, കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപം റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് പദ്ധതി, തൃശ്ശൂരിൽ ഇരിഞ്ഞാലക്കുട കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി, കിഴക്കേ ചാലക്കുടി കമേഴ്സ്യൽ കോംപ്ലക്സ് പദ്ധതി, എറണാകുളത്ത് ഇരുമ്പനം കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി ഘട്ടം II എന്നിവയും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

6. <u>വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി:</u> സംസ്ഥാനത്ത് വനിതാ ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യ പ്രദവുമായി താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ധന സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ഇടുക്കി ജില്ലയിൽ മുട്ടത്ത് 74 കിടക്കകളുള്ള (Additional Block) വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിയും തൃശ്ശൂർ ചാലക്കുടിയിൽ 71 കിടക്കകളുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിയും തിരുവനന്തപുരത്ത് എൻ.സി.സി. നഗറിൽ 64 കിടക്കകളുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിയും പൂർത്തിയായിട്ടുണ്ട്. കൂടാതെ കട്ടപ്പന വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി, കോഴിക്കോട് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി, എറണാകുളത്ത് ഇടപ്പള്ളി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി, തൃശ്ശൂരിൽ മുളങ്കുന്നത്തുകാവ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി, കാസർഗോഡ് മാവൂരിലും, വയനാട് മാനന്തവാടിയിലും, തിരുവനന്തപുരത്ത് പൗണ്ട് കടവിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

7. റവന്യൂ ടവർ/മിനിസിവിൽ സ്റ്റേഷൻ/RDO Complex/വിദ്യാഭ്യാസ കോംപ്ലക്സ് പദ്ധതികളും തിരുവനന്തപുരത്ത് ജഗതിയിൽ All India Service Officers-നുള്ള ക്വാർട്ടേഴ്സിന്റെ നിർമ്മാണവും ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു.

Dey